# Dakshina Kerala Jam-iyyathul Ulama

## ജുമുഅ പ്രഭാഷണം "അറഫാ സംഗമം" (09/9/16)

اَلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا (المائدة/٣)

- ഇസ്‌ലാമിക സമൂഹത്തിന്റെ അഭിമാനമായി അറഫാ സംഗമം നടക്കുകയാണ്. മുഴുവൻ ഹാജിമാരും ഒരേ സമയം ഒരേ സ്ഥലത്ത് സംഗമിക്കുന്ന മഹാസമ്മേളനം. ഇത് ദുനിയാവിലെ ഏറ്റവും വലിയ സംഗമമാണ്. ഇതിലും വലുത് മഹ്ശർ മാത്രം. ഇമാം നവവി (റ)പറയുന്നു.

وإنه لَمَجمعُ عظيمٌ ومَوقفٌ جسيم يجتمع فيه خيارُ عبادِ الله المخلصينَ وخَواصهِ المقربينَ، وهو أعظم مَجامع الدنيا (إيضاح)

- ഇത് ദീൻ സമ്പൂർണ്ണമായ ദിവസവുമാണ്. ആദം നബി (അ) യുടെ കാലത്ത് തുടങ്ങിയ ദഅ്‌വത്ത് കാലാനുസൃതമായി പരിഷ്കരിക്കപ്പെട്ടുകൊണ്ടിരുന്നു. സബൂർ, തൗറാത്ത്, ഇഞ്ചീൽ ഒക്കെ വന്നെങ്കിലും ആ മഹാ പ്രവാചകന്മാരൊന്നും ദീനിനെ പൂർത്തീകരിച്ചിരുന്നില്ല.

ഉദാ: ഈസാ (അ) പറയുകയുണ്ടായി. ഇനിയും വളരെയേറെ നിങ്ങളോട് പറയാനുണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിക്കാൻ കഴിയില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. (യോഹന്നാൻ 16/12-13)

ഈ മഹാ ദൗത്യം നിർവ്വഹിച്ചത് തിരുനബി (സ്വ) ആയിരുന്നു. അതും ഹജ്ജത്തുൽ വദാഇലെ അറഫാ ദിനത്തിൽ.

اَلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا

قَالَ عُمَرُ: «قَدْ عَرَفْنَا ذَلِكَ اليَوْمَ، وَالمَكَانَ الَّذِي نَزَلَتْ فِيهِ عَلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ، وَهُوَ قَائِمٌ بِعَرَفَةَ يَوْمَ جُمُعَةٍ» (متفق عليه)

- ഹജ്ജിന്റെ ഏറ്റവും കാതലായ അമൽ അറഫയിൽ നിൽക്കലാണ് . അറഫ നഷ്ടമായാൽ ഹജ്ജ് നഷ്ടമാകും..

قال رسول الله(ص) : "الحج عرفة" (أحمد)

- ലോകത്ത് ഏറ്റവുമധികം പാപമോചനം/നരകമോചനം നടക്കുന്ന ദിവസമാണിത്.

عن عَائِشَةُ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَا مِنْ يَوْمٍ أَكْثَرَ مِنْ أَنْ يُعْتِقَ اللَّهُ فِيهِ عَبْدًا مِنْ النَّارِ مِنْ يَوْمِ عَرَفَةَ (مسلم)

- വിശ്വാസികൾ സ്വർഗ്ഗം നേടുന്നത് കണ്ട് പിശാച് അലമുറയിടും..

عَنْ طَلْحَةَ بْنِ عُبَيْدِ اللَّهِ بْنِ كَرِيزٍ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَا رُئِيَ الشَّيْطَانُ يَوْمًا هُوَ فِيهِ أَصْغَرُ وَلَا أَدْحَرُ وَلَا أَحْقَرُ وَلَا أَغْيَظُ مِنْهُ فِي يَوْمِ عَرَفَةَ وَمَا ذَاكَ إِلَّا لِمَا رَأَى مِنْ تَنَزُّلِ الرَّحْمَةِ

وَتَجَاوَزِ اللَّهِ عَنْ الذُّنُوبِ الْعِظَامِ إِلَّا مَا أُرِيَ يَوْمَ بَدْرٍ قِيلَ وَمَا رَأَى يَوْمَ بَدْرٍ يَا رَسُولَ اللَّهِ قَالَ أَمَا إِنَّهُ قَدْ رَأَى جِبْرِيلَ يَزَعُ الْمَلَائِكَةَ (موطأ مالك)

- ഇത് അറഫയിൽ നിൽക്കുന്നവർക്ക് മാത്രമല്ല മറ്റ് വിശ്വാസികൾക്കും ലഭിക്കും കാരണം,

1. ഹാജിമാർ ആർക്കെല്ലാം വേണ്ടി ദുഃആ ചെയ്യുമോ അവർക്ക് പൊറുക്കപ്പെടും.

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " اللَّهُمَّ اغْفِرْ لِلْحَاجِّ ، وَلِمَنِ اسْتَغْفَرَ لَهُ الْحَاجُّ(طبراني)

2. അന്നത്തെ പാപമോചനം ലോകമെമ്പാടും വിതരണം ചെയ്യും. (അറഫയിലെ സ്വാലിഹീങ്ങളുടെ ദുആയും ശുപാർശയും സ്വീകരിച്ചുകോണ്ട് ദോഷികൾക്ക് പൊറക്കപ്പെടും. ആ പാപമോചനം തൗബ ചെയ്ത് മടങ്ങുന്ന ലോകമെമ്പാടുമുള്ള എല്ലാ മുഅ്മിനീങ്ങൾക്കും ലഭിക്കും.

قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَوْمَ عَرَفَةَ : " أَيُّهَا النَّاسُ إِنَّ اللَّهَ عَزَّ وَجَلَّ قَدْ غَفَرَ لِصَالِحِيكُمْ وَشَفَّعَ صَالِحِيكُمْ فِي طَالِحِيكُمْ ، تَنْزِلُ الرَّحْمَةُ فَتَعُمُّهُمْ ، ثُمَّ تُفَرَّقُ الْمَغْفِرَةُ فِي الْأَرْضِ فَتَقَعُ عَلَى كُلِّ تَائِبٍ مِمَّنْ حَفِظَ لِسَانَهُ وَيَدَهُ (طبراني)

- അതുകൊണ്ട് (1) അന്നേ ദിവസം നോമ്പനുഷ്ടിക്കണം. അത് രണ്ട് വർഷത്തെ പാപം പൊറുപ്പിക്കും.

عن أبي قتادة قال : سئل رسول الله صلى الله عليه وسلم عن صوم يوم عرفة؟ قال يكفر السنة الماضية والباقية (رواه مسلم)

(2) അന്നത്തെ സുബഹി മുതൽ നിസ്കാര ശേഷം തക്ബീർ സുന്നത്താണ്
(3) ഹാജിമാരുടെ ഇജാബത്തിനായി നാം ദുഃആ ചെയ്യണം. കാരണം അത് നമ്മുടെയും ലോക മുസ്ലിംകളുടെയും നന്മക്ക് കാരണമാകും.
(4) അവരുടെ സുരക്ഷക്കായി ദുഃആ ചെയ്യുക.

**NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)**


**തയ്യാറാക്കിയത്:**

**സി.എ. മൂസാ മൗലവി മുവാറ്റുപുഴ.**

**9447465648**